# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1372** 30.01.2018 -ലെ മറുപടിയ്ക്ക്

**<u>കേരള യൂണിവേഴ്സിറ്റിയുടെ 2017-18 വർഷത്തെ പരീക്ഷ</u>**

*<u>ചോദ്യം</u>*

ശ്രീ. കെ. എസ്. ശബരീനാഥൻ

*<u>ഉത്തരം</u>*

പ്രൊഫ. സി രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള യൂണിവേഴ്സിറ്റിയുടെ 2017-18 വർഷത്തെ ഒന്നാം സെമസ്റ്റർ ബി. എ പരീക്ഷ നടത്തിയത് എന്നാണ്; | (എ) | 2017-2018 അക്കാഡമിക് വർഷത്തെ പരീക്ഷകൾ ആരംഭിച്ചിട്ടില്ല . |
| (ബി) | പ്രസ്തുത പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു; പ്രസ്തുത ബാച്ചിലെ ഏതെല്ലാം വിഷയത്തിന്റെ പരീക്ഷാഫലമാണ് ഇനിയും പ്രസിദ്ധീകരിക്കാനുള്ളത്; | (ബി) | ഇല്ല<br>ബാധകമല്ല. |
| (സി) | ഒന്നാം സെമസ്റ്റർ പരീക്ഷാഫലം രണ്ടാം സെമസ്റ്റർ പരീക്ഷ ആരംഭിക്കുന്നതിനു മുൻപായി പ്രസിദ്ധീകരിക്കണമെന്ന് നിബന്ധനയുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ നിബന്ധന കൊണ്ടു വരുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ഒന്നാം സെമസ്റ്റർ പരീക്ഷ ഫലം രണ്ടാം സെമസ്റ്റർ പരീക്ഷ ആരംഭിക്കുന്നതിന് മുൻപായി പ്രസിദ്ധീകരിക്കണമെന്ന് നിബന്ധനയില്ല. |
| (ഡി) | പ്രസ്തുത പരീക്ഷാഫലം യഥാസമയം പ്രസിദ്ധീകരിക്കാത്തതിൽ വിദ്യാർത്ഥികൾക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാൻ കാലതാമസം വരുന്നത് മൂലമുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മൂന്നാം സെമസ്റ്റർ പരീക്ഷാഫലം അടുത്ത സെമസ്റ്റർ പരീക്ഷയ്ക്ക് മുമ്പായിത്തന്നെ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | സമയ ബന്ധിതമായി പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് സർവ്വകലാശാല നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | ഇക്കാര്യത്തിൽ ഉത്തരക്കടലാസുകൾ യഥാസമയം മൂല്യനിർണ്ണയം നടത്തി തിരികെ നൽകുന്നതിൽ അദ്ധ്യാപകരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ; | (ഇ) & (എഫ്) | ഉത്തര കടലാസുകൾ യഥാസമയം മൂല്യനിർണ്ണയും നടത്തുവാൻ അദ്ധ്യാപകരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്. ഉചിതമായ നടപടി സർവ്വകലാശാല സ്വീകരിക്കുന്നതാണ്. |
| (എഫ്) | വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ